പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 67

26.02.2018 ൽ
മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) നിലവിലെ ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ചത് എന്ന് മുതലാണ്; കമ്മീഷനുവേണ്ടി ഇതിനകം ചെലവഴിച്ച തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ; | എ) നിലവിലെ ഭരണ പരിഷ്കാര കമ്മീഷൻ 18.08.2016 മുതലാണ് പ്രവർത്തനമാരംഭിച്ചത്. കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതിനകം ആകെ 2,12,57,431-/- (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി അൻപത്തിയേഴായിരത്തി നാനൂറ്റി മുപ്പത്തൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| ബി) ഏതൊക്കെ ഇനത്തിലായാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) കമ്മീഷന്റെ ആഫീസ് ചെലവുകൾക്കും കമ്മീഷൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായുമാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളം, ബത്തകൾ, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ, പഠനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പബ്ളിക് ഹിയറിംഗുകൾ സംഘടിപ്പിക്കൽ, കമ്മീഷന് വേണ്ടി വെബ്സൈറ്റ് തയ്യാറാക്കുന്നതിനും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനുമുള്ള ചെലവുകൾ, യാത്രാബത്ത,വാഹനങ്ങളുടെ വാടക എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| സി) കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകൾ ഏതൊക്കെയാണെന്നും പ്രസ്തുത റിപ്പോർട്ടുകളിൻമേൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | സി) ഭരണപരിഷ്കാര കമ്മീഷന്റെ ആദ്യത്തെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

| | |
|---|---|
| ഡി) കമ്മീഷന്റെ നാളിതുവരെയുള്ള പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന വിശദാംശം നൽകുമോ? | ഡി) ആദ്യ റിപ്പോർട്ട് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, കുടിയേറ്റ തൊഴിലാളികൾ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമം മുൻനിർത്തികൊണ്ടു വന്നിട്ടുള്ള വിവിധ ക്ഷേമനിയമങ്ങളുടെ ഫലപ്രദമായ നടത്തിപ്പ് സംബന്ധിച്ച പഠനം, ഉദ്യോഗസ്ഥ ശേഷി വികസനം എന്നീ വിഷയങ്ങളിൽ കമ്മീഷൻ പഠനം നടത്തിവരികയാണ്.<br><br>സർക്കാർ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും അഴിമതി രഹിതമായും സമയ ബന്ധിതമായും നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'പൗരകേന്ദ്രീകൃത സേവന പ്രദാനം' എന്ന വിഷയത്തിൽ പ്രാരംഭ പഠനം തുടങ്ങിയിട്ടുണ്ട്.<br><br>ഭരണ പരിഷ്കാര കമ്മീഷനുവേണ്ടി ഒരു വെബ്സൈറ്റ് രൂപപ്പെടുത്തി ഇന്ററാക്ടീവ് വെബ് പോർട്ടലായി പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ